# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : * 617 — 09-07-2014-ൽ മറുപടിക്ക്

## കെൽടെക്ക് ബ്രഹ്മോസിന് കൈമാറുമ്പോഴുണ്ടാക്കിയ ധാരണ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കോലിയക്കോട് എൻ.കൃഷ്ണൻ നായർ<br>ശ്രീ. എളമരം കരീം<br>ശ്രീ. കെ.കെ. ജയചന്ദ്രൻ<br>ശ്രീ. വി. ശിവൻകുട്ടി | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| (എ) കെൽടെക്കിന്റെ ആസ്തിയും മറ്റും ബ്രഹ്മോസിന് കൈമാറുമ്പോഴുണ്ടാക്കിയ ധാരണകൾ പാലിക്കപ്പെടുന്നുണ്ടോ ; | (എ) ഉണ്ട്. |
| (ബി) കെൽടെക് കൈമാറുന്ന സമയത്തുണ്ടാക്കിയ ധാരണകൾ വിശദമാക്കാമോ; | (ബി) കെൽടെക്ക് കൈമാറുന്ന സമയ ത്തുണ്ടാക്കിയ കരാറിലെ പ്രധാനപ്പെട്ട ധാരണകൾ ചുവടെ ചേർക്കുന്നു.<br><br>(1) കെൽടെക്കിന്റെ ആസ്തിബാധ്യതകളും ജീവനക്കാരെയും ഒരു രൂപ വില നൽകി ബ്രഹ്മോസ് എയ്റോസ്പേസ് പ്രൈവറ്റ് ലിമി റ്റഡ് ഏറ്റെടുക്കുന്നായിരിക്കും<br><br>(2) കെൽകെക്കിന്റെ ജീവനക്കാരുടെ സേവനങ്ങൾ സംരക്ഷിക്കേണ്ടതാണ്.<br><br>(3) കെൽടെക്കിന്റെ തുടർന്നുള്ള പ്രവർത്തനങ്ങൾക്ക് വിവിധ തലങ്ങളിൽ |

നിന്ന് ലഭിക്കേണ്ടുന്ന നിയമപരവും അല്ലാത്തതു മായ അനുമതികൾ നേടിയെടുക്കാൻ ബ്രഹ്മോസിന് ആവശ്യമായ എല്ലാ സഹായവും സംസ്ഥാന സർക്കാർ നൽകും.

(4) ബ്രഹ്മോസിന്റെ തുടർ വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായി വരുന്ന അധികസ്ഥലം ലഭ്യമാക്കുന്ന തിന് സംസ്ഥാന സർക്കാർ സാധ്യമായ എല്ലാ സഹായവും നൽകും.

(5) ഏതെങ്കിലും സാഹചര്യത്തിൽ ഭാരത സർക്കാർ ഈ കമ്പനിയിൽ നിന്ന് പിൻമാറുകയോ ഭാരത സർക്കാ രിന്റെ കീഴിലുള്ളതല്ലാത്ത മറ്റേതെ ങ്കിലും സ്ഥാപനത്തിന് ഓഹരികളുടെ ഭൂരിഭാഗം കൈമാറ്റം ചെയ്യാനുദ്ദേശി ക്കുന്ന പക്ഷം ഇക്കാര്യത്തിൽ ആദ്യ പരിഗണന സംസ്ഥാന സർക്കാരിന് നൽകേണ്ടതാണ്.

(6) 100% ബ്രഹ്മോസ് എയ്റോസ്പേസ് പ്രൈവറ്റ് ലിമിറ്റഡിന്റെ കീഴിൽ പ്രവർത്തിക്കുന്നതും, റിട്ടർ ചെയ്ത തോ സർവ്വീസിലുള്ളതോ ആയ സാങ്കേതിക വിദഗ്ധൻ / ശാസ്ത്ര ജ്ഞൻ / മാനേജ്മെന്റ് വിദഗ്ധൻ എന്നീ ഗണത്തിൽപ്പെട്ട സർക്കാരിന്റെ ഒരു പ്രതിനിധി അടങ്ങുന്നതായി രിക്കും പുനസംഘടിപ്പിക്കപ്പെടുന്ന കമ്പനിയുടെ ഡയറക്ടർ ബോർഡ്.

(7) കെൽടെക്കിനെ ബ്രഹ്മോസ് ഏറ്റെടുക്കുന്ന വിവരം ഉചിതമായ രീതിയിൽ ബന്ധപ്പെട്ടവരെ ഔദ്യോഗികമായി അറിയിക്കേണ്ട ബാധ്യത സംസ്ഥാന സർക്കാരിനാണ്. കൈമാറ്റ കരാർ നിലവിൽ വന്ന തീയതി മുതൽ കെൽടെക്ക് ഒരു സംസ്ഥാന പൊതുമേഖലാ സ്ഥാപനമല്ലാതായിത്തീരുന്നതാണ്.

(8) ഈ ഉടമ്പടി റദ്ദാക്കാനോ പിൻവലിക്കാനോ കഴിയാത്തതായിരിക്കും.

(9) കെൽടെക്കിനെ ബ്രഹ്മോസ് ഏറ്റെടുത്തതിനുശേഷം ഭാവിയിൽ അവിചാരിതമായ പ്രശ്നങ്ങൾ എന്തെങ്കിലും ഉണ്ടാകുന്നപക്ഷം, പ്രസ്തുത പ്രശ്നങ്ങൾ, വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും, ബ്രഹ്മോസ് എയ്റോസ്പേസ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും സംയുക്തമായി പരിശോധിച്ച് ആവശ്യമായ പരിഹാരം കണ്ടെത്തേതാണ്.

(സി) ബ്രഹ്മോസ് മിസൈലിന്റെ ഭാഗങ്ങൾ നിർമ്മിക്കാൻ സാധിക്കുന്ന തരത്തിൽ കെൽടെക്കിനെ ഉയർത്തിക്കൊണ്ടുവരുന്ന വാഗ്ദാനം എത്രത്തോളം പാലിക്കപ്പെടുന്നുണ്ട്;

(സി) ബ്രഹ്മോസ് മിസൈലിൻെറ ഭാഗങ്ങൾ നിർമ്മിക്കുന്നതിലേയ്ക്കുള്ള സൗകര്യങ്ങൾ ഇതിനോടകംതന്നെ കമ്പനി സ്ഥാപിക്കുകയും പ്രവർത്തന സജ്ജമാക്കിയിട്ടുള്ളതുമാണ്. CNC മില്ലിങ്ങ് / ടർണിങ്ങ് മെഷീനുകൾ, ടൈറ്റാനിയം ആനോഡൈസിങ്ങ്, സിങ്ക്പ്ലേറ്റിങ്ങ് മുതലായ പ്രത്യേക പ്രയോഗങ്ങൾ ചെയ്യുന്നതിലേയ്ക്കായുള്ള സർഫേസ് ട്രീറ്റ്മെൻറ് സൗകര്യങ്ങൾ, high

pressure പരിശോധനയ്ക്കുള്ള ആർ മേർഡ് റൂം, പെയിൻറ് ബൂത്ത് മുതലായവയുള്ള ഒരു ഉൽപാദന ലൈൻ തന്നെ BATL-ൽ സ്ഥാപിച്ചിട്ടുണ്ട്. 2008-ൽ കമ്പനി യുടെ മാതൃസ്ഥാപനമായ BAPL-ൽ നിന്നും 6.50 കോടിരൂപയുടെ 9 അസംബ്ളിസിൻെറ (20 സെറ്റ്) ആദ്യ ഘട്ടവികസന ഓർഡർ ലഭിച്ചിരുന്നു. ആയതിൽനിന്ന് ഇതുവരെ 6 അസംബ്ളീസ് നിർമ്മിച്ച് നൽകിയിട്ടുള്ളതുമാണ്. തുടർന്ന് 2011-ൽ, കമ്പനി 45 കോടി രൂപയുടെ ബ്രഹ്മോസ് മെറ്റാലിക്ക് കംപോണൻ സിൻെറ 105 സെറ്റിൻെറ തുടർ നിർമ്മിതിയിലേയ്ക്കുള്ള ഓർഡറുകളും കരസ്ഥമാക്കിയിട്ടുണ്ട്. ഇതിൽ നിന്ന് 2013-14 വർഷത്തിൽ വിവധ അസംബ്ളീ സിൻെറ 20 സെറ്റുകൾ നിർമ്മിച്ച് നൽകിയിട്ടുള്ളതും തുടർന്നുള്ള ഓരോ വർഷത്തിലും 20 സെറ്റ് അസംബ്ളി കൾ നിർമ്മിക്കുന്നതിനായും ആസൂത്രണം ചെയ്തിട്ടുണ്ട്.

കൂടാതെ BATL-ന് F3 (മിസൈൽ ബോഡി) വികസിപ്പിക്കുന്നതിലേയ്ക്കുള്ള ഓർഡറും ലഭിച്ചിട്ടുണ്ട്. ഈ പ്രോജക്ടിൻെറ ജോലികൾ ഇതിനോടകം ആരംഭിച്ചിട്ടുള്ളതും ആദ്യത്തെ ഉല്പന്നം മാർച്ച് 2015-ന് നൽകുന്നതിനായി തയ്യാർ ചെയ്തു വരികയുമാണ്.

BATL -ൻെറ മിസൈൽ സംയോജന കോംപ്ലക്സ് (MIC) 2012 - നവംമ്പ

റിൽ ഉദ്ഘാടനം ചെയ്യപ്പെട്ടിട്ടുള്ളതും സംയോജന പ്രവർത്തനങ്ങളുടെ ഒന്നാംഘട്ടം 2013 ജനുവരിയിൽ ആരംഭിച്ചിട്ടുള്ളതുമാണ്. കമ്പനി മിസൈൽ സംയോജന കോംപ്ലക്സിൻെറ സമീപ ഭാവിയിലുള്ള രണ്ടാംഘട്ട വികസനങ്ങളും ആസൂത്രണം ചെയ്തുവരുന്നു.

(ഡി) സ്ഥാപിതസമയത്തുണ്ടാക്കിയ ധാരണകൾക്കനുസരിച്ച് ബ്രഹ്മോസ് പ്രാവർത്തികമാക്കുന്നതിനുള്ള തുടർ നടപടികളുടെ കാര്യത്തിൽ സംസ്ഥാന സർക്കാർ അലംഭാവം കാട്ടിയിട്ടുണ്ടോ; നിലപാട് വ്യക്തമാക്കുമോ?

(ഡി) ബ്രഹ്മോസിന്റെ വികസനത്തിനായി സാദ്ധ്യമായ എല്ലാ നടപടികളും സർക്കാർ സ്വീകരിച്ചു വരുന്നുണ്ട്. ബ്രഹ്മോസിന്റെ വികസന പദ്ധതികൾക്ക് ആവശ്യമായ IAF - ന്റെ ഉടമസ്ഥതയിലുള്ള KEW Complex - ലെ 7.15 ഏക്കർ ഭൂമി വിട്ടുകൊടുക്കുന്നതിന് പകരമായി 20 ഏക്കർ സ്ഥലം തിരുവനന്തപുരത്ത് മുട്ടത്തറയിൽ സംസ്ഥാന സർക്കാർ കണ്ടെത്തുകയും പ്രസ്തുത ഭൂമി IAF - ന് 2014 ൽ കൈമാറ്റം ചെയ്യുകയുമുണ്ടായി. പ്രസ്തുത ഭൂമിയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി വിവിധ സർക്കാർ വകുപ്പുകൾ / ഏജൻസികളായ പബ്ലിക് വർക്ക്സ് ഡിപ്പാർമെന്റ്, കേരള വാട്ടർ അതോറിറ്റി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, റവന്യൂ വകുപ്പ്, നഗരസഭ തുടങ്ങിയവയെ ചുമതലപ്പെടുത്തുകയും, ഇവരുടെ പ്രവർത്തനം വിലയിരുത്തുന്നതിനായി, വിവിധ തലങ്ങളിൽ അവലോകന യോഗങ്ങൾ കൂടുകയുമുണ്ടായി. 22/04/2014-ന് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന അവലോകന യോഗത്തിൽ, വിവിധ വകുപ്പുകളുടെ പ്രവർത്തനം വിലയിരു

പദ്ധതിക്ക് ഭൂമി നൽകുന്നതിന് നീക്കമുണ്ടെങ്കിൽ ഏത് തരത്തിലുള്ള ഭൂമിയാണ് കണ്ടെത്തുന്നതെന്നും, ഭൂമി നൽകുന്നതിനുള്ള മാനദണ്ഡം എന്തായിരിക്കുമെന്നും വ്യക്തമാക്കാമോ;

(ഇ) ഭൂമി ആവശ്യപ്പെട്ട സംരംഭങ്ങൾ ഏതെല്ലാമാണ്?

നിക്ഷേപകർക്ക് നൽകുന്നത് സംബന്ധിച്ച് നിക്ഷേപകരും അധികൃതരുമായി ചർച്ചകൾ നടത്തിയിരുന്നു. എന്നാൽ ഭൂമി അനുയോജ്യമല്ലാത്തതിനാൽ ചില നിക്ഷേപകർ ഭൂമി ഏറ്റെടുത്തിട്ടില്ല. തുടർന്നും നിക്ഷേപകർ ഭൂമിക്കായി സമീപിച്ചാൽ അവരുടെ അപേക്ഷ നിലവിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി പരിഗണിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ